ഏതുസമയത്തും ഇത് വരാം. പ്രസിഡന്റിനെക്കൊണ്ടുതന്നെ പറയിപ്പിച്ചിരിക്കുന്നത് കടുത്ത തീരുമാനങ്ങൾ വരുമെന്നാണ്. ഈ കടുത്ത ഭാരങ്ങളെല്ലാം സാധാരണക്കാരന്റെ തലയിൽ വയ്ക്കുക എന്നുള്ളതാണ് നയം. പിന്നെ ഗ്യാസിന്റെ കാര്യവും, ഡീസലിന്റെ കാര്യവുമുണ്ട്. ഇതൊക്കെ ഉണ്ടാക്കാൻ പോകുന്ന പ്രൈസ് ഇൻക്രീസ് എത്രവരുമെന്നുള്ളതൊന്നും പറയാനൊക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരത്തെക്കാൾ ശക്തമായ വികാരത്തിൽ തന്നെ കേന്ദ്ര ഗവൺമെന്റിന് ഞങ്ങൾ എഴുതിയിട്ടുണ്ട്. പറഞ്ഞിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്. ഇതൊക്കെയായാലും എന്ത് നടക്കുമെന്ന് ഉറപ്പ് പറയാനൊക്കില്ല.

(9) ചക്കിട്ടപാറ വില്ലേജിൽ 73-ഓളം കുടുംബങ്ങളെ ഒഴിപ്പിക്കാനുള്ള നടപടി

<u>ശ്രീമതി എൻ.കെ. രാധ</u> : സർ, ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട് പ്രദേശത്ത് കുളത്തൂർ എസ്റ്റേറ്റ് വക ഭൂമി വിലയ്ക്കെടുത്ത് 30 കൊല്ലത്തോളമായി വീടുവച്ച്, ദേഹണ്ഡിച്ച് താമസിക്കുന്ന 73-ഓളം കുടുംബങ്ങളെ കോടതി വിധിയിലൂടെ കുടിയൊഴിപ്പിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിരിക്കുകയാണ്. ഈ സ്ഥലം 30 വർഷത്തിനു മുമ്പ് കോടതി വിധിയിലൂടെ എസ്റ്റേറ്റ് ഉടമ ജോസഫിന് ഗവൺമെന്റ് പാട്ടത്തിന് കൊടുത്ത ഭൂമിയാണ്. ഈ കുടുംബങ്ങളിൽ പലർക്കും ഉടമയായ ഐപ് ജോസഫ് ആധാരം ചെയ്ത് കൊടുത്തിട്ടുള്ളതും സർക്കാരിലേക്ക് നികുതി അടച്ചുവരുന്നതുമാണ്. ഇവിടെ താമസിക്കുന്ന കുടുംബങ്ങളിൽ ഭൂരിപക്ഷവും പാവപ്പെട്ട കർഷക തൊഴിലാളികളാണ്. വളരെ കഷ്ടപ്പെട്ട് ഭൂമിയിൽ കഠിനാധ്വാനം നടത്തി കാർഷിക വിളകൾ വച്ചുപിടിപ്പിച്ച് ഫലഭൂയിഷ്ഠമാക്കിയിരിക്കുകയാണ്. ഈ ഭൂമിയിൽ നിന്നുള്ള വരുമാനമല്ലാതെ ഇവർക്ക് വേറെ യാതൊരു വരുമാനവുമില്ല. ഈ സാഹചര്യം കണക്കിലെടുത്ത് നിരപരാധികളായ പ്രസ്തുത കുടുംബങ്ങളെ വഴിയാധാരമാക്കുന്ന കുടിഒഴിപ്പിക്കൽ നടപടി നിർത്തിവച്ച് ഇവർക്ക് പട്ടയമോ, കൈവശരേഖയോ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : സർ, കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപാറ വില്ലേജിൽ 594,600 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 97.40 ഏക്കർ സർക്കാർ ഭൂമി ശ്രീ. പി.ഐ. ജോസഫ് എന്നയാളിന് 12 വർഷത്തെ പാട്ടത്തിന് നൽകിയതാണ്. പാട്ട വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ ഈ ഭൂമി തിരികെയെടുക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. അതിനെതിരായിട്ട് കക്ഷി കേസ് ഫയൽ ചെയ്തു. ഈ കേസ് ഗവൺമെന്റിന് അനുകൂലമായി വിധിച്ചതിനെ തുടർന്ന് ഈ സ്ഥലം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായി. 55.33 ഏക്കർ ഭൂമിയാണ് ഗവൺമെന്റിന് ഏറ്റെടുക്കാൻ സാധിച്ചത്. ബാക്കി ഭൂമി മുഴുവൻ അതിന് മുമ്പുതന്നെ ഈ ജോസഫ് വിവിധ കക്ഷികൾക്ക് വിലയ്ക്ക് വിൽക്കുകയാണ് ഉണ്ടായത്. അങ്ങനെ ഏറ്റെടുക്കുന്ന സമയത്ത് 57 കൈവശക്കാരാണ് അവിടെ ഉണ്ടായിരുന്നത്. അവർ ഉൾപ്പെടുന്ന ആ പ്രദേശം ഒഴിച്ച് ബാക്കി സ്ഥലമാണ് ഗവൺമെന്റ് ഏറ്റെടുത്തത്. ഇപ്പോൾ 73-ഓളം കൈവശക്കാരുണ്ട് എന്നാണ് അറിയുന്നത്. കൈവശക്കാരെ മുഴുവൻ ഒഴിപ്പിച്ച് ആ സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഹൈക്കോടതി ഗവൺമെന്റിനോടും, കോഴിക്കോട് ജില്ലാ കളക്ടറോടും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരെ ഒഴിപ്പിക്കാൻ വേണ്ടി ശ്രമിച്ചു. ഒഴിപ്പിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. വളരെ ശക്തമായി കൈവശക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് ഒഴിപ്പിക്കാൻ കഴിഞ്ഞില്ല. അത് കോടതിയെ അറിയിച്ചു. തുടർന്ന് ഈ കൈവശക്കാരെല്ലാം ചേർന്ന് കോടതിയിൽ പോയി. ഇപ്പോൾ തൽക്കാലം ഒഴിപ്പിക്കൽ നിർത്തിവയ്ക്കാൻ ഒരു നിർദ്ദേശം കോടതിയിൽ നിന്ന് അവർക്ക് ലഭിച്ചിട്ടുണ്ട്. അങ്ങനെ ഇപ്പോൾ തൽക്കാലം ഒഴിപ്പിക്കൽ ഭീഷണി നിലവിലില്ല. കോടതി തന്നെ അത് സ്റ്റേ ചെയ്തു. ഉത്തമ ബോദ്ധ്യത്തോടുകൂടി ഭൂമി വാങ്ങി കൈവശം വച്ചവരാണ് ഇപ്പോൾ അവിടെ താമസിക്കുന്നത് എന്ന് ഗവൺമെന്റിനറിയാം. സർക്കാർ ഭൂമി ലീസിന് വാങ്ങിയിട്ടുള്ളത് അനധികൃതമായാണ് ജോസഫ് വിറ്റത് എന്നതുകൊണ്ട് ഈ നടപടിക്കെതിരായിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുകൊണ്ട് കൈവശക്കാരെ സംരക്ഷിക്കണം എന്നതുതന്നെയാണ് ഗവൺമെന്റിന്റെ താൽപ്പര്യവും, ആഗ്രഹവും. എന്നാൽ ഇപ്പോൾ കോടതിയിൽ കേസ് നിലനിൽക്കുന്നു എന്നുള്ളതുകൊണ്ട് ഇതിൽ ഒരു തീരുമാനം എടുക്കുന്നതിന് പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. അതുകൊണ്ട് കൈവശക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് നിയമവശങ്ങൾകൂടി പരിശോധിച്ച് കോടതി വിധി ഉണ്ടാകുന്ന മുറയ്ക്ക് ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളും. സർക്കാരിന്റെ ഭൂമി ലീസിന് എടുത്ത് അത് അനധികൃതമായി വിറ്റ് കാശാക്കിയ ഈ വിരുതന്റെ പേരിൽ എന്തെങ്കിലും നടപടി എടുക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്.

(10) ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയത് സംബന്ധിച്ച്

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, നമ്മുടെ സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി. യിൽ പെൻഷൻ പ്രായം 55 വയസ്സിൽ നിന്നും 58 വയസാക്കി ഉയർത്തിയ സമീപകാല ഉത്തരവിനെതിരായിട്ടാണ് എന്റെ സബ്മിഷൻ. ഈ സഭയിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം വളരെ വ്യക്തമായി ഉറപ്പ് നൽകിയതാണ് കേരളത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 55 വയസിൽ നിന്ന് വർദ്ധിപ്പിക്കുന്ന പ്രശ്നമില്ല എന്ന്. കേരളത്തിലെ യുവജന സംഘടനകൾ എല്ലാം ഒറ്റക്കെട്ടായി, യൂത്ത് കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിൽ പ്രത്യേകിച്ച് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ വേണ്ടിയിട്ടുള്ള യാതൊരു തീരുമാനത്തെയും കേരളത്തിലെ ചെറുപ്പക്കാർക്ക് അംഗീകരിക്കാൻ കഴിയില്ല എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ വേണ്ടിയിട്ടുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പി.എസ്.സി. നിയമനങ്ങൾ പോലും കഴിഞ്ഞ കുറെ നാളുകളായി മരവിച്ചു കിടക്കുകയാണ്. പിൻവാതിൽ നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ. സ്വന്തക്കാരെ തിരുകിക്കയറ്റൽ ആകെയുള്ളത് പി.എസ്.സി. വഴിയും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുമുള്ള നിയമനങ്ങളാണ്. അങ്ങനെ ചെറുപ്പക്കാരുടെ ജോലി സാദ്ധ്യത വിരളമായ ഈ സംസ്ഥാനത്ത് അതിനെപ്പോലും അട്ടിമറിക്കുന്ന രീതിയിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന തീരുമാനത്തെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഈ തീരുമാനം നടപ്പിലാക്കുന്നു എങ്കിൽ ശക്തമായ സമരവുമായി മുന്നോട്ടുപോകാൻ യൂത്ത് കോൺഗ്രസും, യുവജന സംഘടനകളും നിർബന്ധിതമാകും എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രി ഇന്നും പറഞ്ഞു പെൻഷൻ പ്രായം വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly